LIBRARY ARCHIVES Kerala Legislative Assembly

വിജ്ഞാൻവാടികളെ അക്ഷയ കേന്ദ്രങ്ങളുമായി ബന്ധിപ്പിക്കുവാൻ നടപടി

188 (8248) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

പട്ടികജാതി കോളനികളിൽ സ്ഥാപിച്ചിട്ടുള്ള വിജ്ഞാൻവാടികളെ അക്ഷയ കേന്ദ്രങ്ങളുമായി ബന്ധിപ്പിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ?

ഉത്തരം

ഇല്ല ; പരിശോധിക്കുന്നതാണ്.

പാലക്കാട് ജില്ലയിൽ ആരംഭിക്കുന്ന മെഡിക്കൽ കോളേജ്

189 (T 8249) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) പാലക്കാട് ആരംഭിക്കുന്ന മെഡിക്കൽ കോളേജ് പൊതുമേഖലയിൽ തന്നെ തുടങ്ങുവാൻ നടപടി സ്വീകരിക്കുമോ ;

(ബി) ഇവിടെ നിയമനം നൽകിയവരുടെ പേരുവിവരവും തസ്തികകളും പ്രത്യേകം വ്യക്തമാക്കുമോ ?

ഉത്തരം

(എ) പൂർണ്ണമായും സർക്കാർ നിയന്ത്രണത്തിൽ പട്ടികജാതി വികസന വകുപ്പിന്റെ കീഴിലായിരിക്കും മെഡിക്കൽ കോളേജ് പ്രവർത്തിക്കുന്നത്.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

മെഡിക്കൽ-എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷാ പരിശീലനം

190 (8251) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) മെഡിക്കൽ-എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷകൾക്കുള്ള പരിശീലനത്തിന് പട്ടികജാതി വിഭാഗം കുട്ടികൾക്ക് സാമ്പത്തിക സഹായം നൽകുന്ന പദ്ധതി നിലവിലുണ്ടോ ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

'T' മാർക്കിട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു.